ഉത്തരം

(എ&ബി) കെ.എസ്.&എസ്.എസ്.ആർ.-ലെ റൂൾ 9 (a) (i) പ്രകാരം താൽക്കാലിക നിയമനം ലഭിച്ച ആൾക്ക് 1-10-1994-ന് മുമ്പ് പി.എസ്.സി. മുഖേന സ്ഥിരനിയമനം ലഭിക്കുകയാണെങ്കിൽ ടി താൽക്കാലിക സർവ്വീസ്, ഇൻക്രിമെന്റ്, ഗ്രേഡ് പ്രൊമോഷൻ, പെൻഷൻ എന്നിവയ്ക്ക് പരിഗണിക്കാൻ വ്യവസ്ഥയുണ്ട്. 30-9-1994-ന് ശേഷം നിയമനം ലഭിച്ച ആൾക്കാർക്ക് ഈ ആനുകൂല്യം ലഭ്യമല്ല. ധനകാര്യ വകുപ്പ് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള 30-9-1994-ലെ ജി.ഒ.(പി) 540/94/ധന. നമ്പർ ഉത്തരവ് 25-11-1999 ജി.ഒ. (പി) 2357/99/ധന. നമ്പർ ഉത്തരവ് 1-3-1995-ലെ 3/95(35)ധന. നമ്പർ സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിലാണ് താൽക്കാലിക സർവ്വീസ്, ഇൻക്രിമെന്റ്, ഗ്രേഡ് പ്രൊമോഷൻ, പെൻഷൻ എന്നിവയ്ക്ക് പരിഗണിക്കുന്നത്.

(സി&ഡി) ശ്രീമതി നളിനാക്ഷി. ഒ 1-10-1994-നുശേഷം പി.എസ്.സി. മുഖാന്തരം നിയമനം ലഭിച്ച് സർവ്വീസിൽ പ്രവേശിച്ചതാകയാലാണ് ടിയാളുടെ മുൻകാല താൽക്കാലിക സേവനം പെൻഷന് പരിഗണിക്കണമെന്ന അപേക്ഷ മേലുത്തരവുകൾ പ്രകാരം നിരസിച്ചിട്ടുള്ളത്.

തഹസിൽദാർമാരുടെ സ്ഥാനക്കയറ്റ പട്ടികയിലെ ക്രമക്കേടുകൾ

135(826) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തഹസിൽദാർമാരുടെ സ്ഥാനക്കയറ്റ പട്ടികയിൽ ക്രമക്കേടുകൾ ഉള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് പരാതികളെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(സി) റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി തഹസിൽദാർമാരുടെ സീനിയോറിട്ടി ലിസ്റ്റ് ഏറ്റവും അവസാനം പുതുക്കിയത് എന്നാണ് ; ആ ലിസ്റ്റിനെതിരെ പരാതികളുണ്ടായിരുന്നോ ; അത് പരിശോധിച്ച് പരിഹരിച്ചശേഷം പരാതിക്കാർക്ക് മറുപടി നൽകിയിരുന്നോ ;

(ഡി) അവസാന സീനിയോറിറ്റി ലിസ്റ്റ് പ്രകാരം എത്ര പേർക്കാണ് പ്രൊമോഷൻ നൽകിയത് ; ഈ ലിസ്റ്റിൽ പെടാത്ത ആരെയെങ്കിലും പ്രൊമോട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ അതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) തഹസിൽദാർമാരുടെ സ്ഥാനക്കയറ്റ പട്ടികയിൽ (സെലക്ട് ലിസ്റ്റ്) ക്രമക്കേടുകൾ ഉള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തഹസിൽദാർമാരുടെ താത്കാലിക പ്രൊമോഷൻ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതിക്കാരെ ലാന്റ് റവന്യൂ കമ്മീഷണർ നേരിട്ട് ഹിയറിംഗ്

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയിട്ടുള്ളതും അതിനെ തുടർന്നുള്ള നടപടികൾ നടന്നുവരുന്നതുമാണ് ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. ലാന്റ് റവന്യൂ കമ്മീഷണറുടെ 19-5-2008-ലെ LRTI 60601/07 നടപടിക്രമം പ്രകാരമാണ് ഡെപ്യൂട്ടി തഹസിൽദാർമാരുടെ സീനിയോറിറ്റി ലിസ്റ്റ് അവസാനം പുതുക്കിയത് ബഹു. ഹൈക്കോടതിയുടെ 19076/08 നമ്പർ കേസിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി തഹസിൽദാർ മുതൽ താഴോട്ടുള്ള തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റ് പുതുക്കി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച DT/J.S ലിസ്റ്റിൻമേൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയാതെ വന്നതിനാൽ ഈ ലിസ്റ്റിനെതിരെയുള്ള ആക്ഷേപങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയില്ലെന്ന വിവരം പരാതിക്കാരെ അറിയിച്ചിരുന്നു.

(ഡി) 43 പേർക്ക്. ശ്രീ. അബ്ദുൾ ഹക്കീം ഫയൽ നീക്കം ചെയ്ത 7711/2008-ലെ കേസിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി തഹസീൽദാർ സീനിയോറിറ്റി ലിസ്റ്റുകൾ സ്റ്റേ ചെയ്യുകയും തുടർന്ന് ടി ലിസ്റ്റിൽ നിന്നും പ്രൊമോഷൻ നടത്താൻ കഴിയാതെ വരുകയും ചെയ്തു. ശ്രീ. ഫസലുദ്ദീൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C) 19076/08 കേസ്സിലെ 26-3-2009-ലെ വിധിന്യായ പ്രകാരം റവന്യൂ വകുപ്പിലെ 10-9-1984 മുതലുള്ള LDCV/VA അന്തിമ സീനിയോറിറ്റി ലിസ്റ്റ് പുനഃപ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ടി ലിസ്റ്റ് പ്രാബല്യത്തിൽ വന്നപ്പോൾ അതിന് ഉണ്ടായ ചില റിട്ട് പെറ്റീഷനുകൾ ബഹു. ഹൈക്കോടതി വീണ്ടും കേൾക്കുകയും 6-4-2010-ലെ WP(C) 8123/10-ാം നമ്പർ കേസ്സിലെ ഇടക്കാല ഉത്തരവിൽ റവന്യൂ വകുപ്പിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്ക്, താൽക്കാലിക സ്ഥാനക്കയറ്റം നടത്തുന്നതിനായി കോടതി സ്റ്റേ ചെയ്തിട്ടില്ലാത്ത സീനിയോറിറ്റി ലിസ്റ്റുകൾ ഉപയോഗപ്പെടുത്തുവാൻ ഉത്തരവാകുകയും ചെയ്തതിനാൽ മേൽ പരാമർശിച്ച് ലിസ്റ്റിൽപ്പെടാത്തവർക്ക് പ്രൊമോഷൻ, അനുവദിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്.

അതിനാൽ കോടതി സ്റ്റേ ചെയ്തിട്ടില്ലാത്ത മറ്റ് ലിസ്റ്റുകളിൽ നിന്നും സീനിയോറ്റി സംബന്ധമായി കോടതിയിൽ നിലനിൽക്കുന്ന കേസുകളിലെ അന്തിമ വിധികൾക്ക് അനുസൃതമായി പുനഃപരിശോധിക്കും എന്ന വ്യവസ്ഥയിൻമേൽ KS & SSR-ലെ ചട്ടം 31 (a)(i) പ്രകാരം താത്കാലിക പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ ഭൂപ്രശ്നം

136(828) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ നിരവധി വർഷങ്ങളായി തുടരുന്ന ഭൂപ്രശ്നം പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly